**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 147** | **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല സ്വർണ്ണക്കൊള്ള</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് എത്രത്തോളം സ്വർണ്ണമാണ് നഷ്ടപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട അന്വേഷണം ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം എ.ഡി.ജി.പി. (Crime Branch) ശ്രീ.എച്ച്.വെങ്കടേഷ്-ന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രത്യക അന്വേഷണ സംഘം ബഹു. ഹൈക്കോടതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടത്തി വരുന്നത്. അന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ടുകൾ അന്വേഷണ സംഘം ഹൈക്കോടതി മുൻപാകെ സമർപ്പിച്ച് വരികയാണ് ചെയ്യുന്നത്. ആയത് പരിഗണിച്ച് കൊണ്ടുള്ള ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളിലൂടെ പുറത്ത് വരുന്ന വിവരങ്ങൾ മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന് മുന്നിലുള്ളു. പ്രസ്തുത കേസ് 07.10.2026-നാണ് ബഹു. ഹൈക്കോടതി അവസാനമായി പരിഗണിച്ചത്. ശ്രീകോവിലിന്റെ വാതിൽ പാളികളിൽ നിന്നും അനുബന്ധ പ്ലേറ്റുകളിൽ നിന്നും സ്വർണ്ണം അപഹരിച്ചതുമായി ബന്ധപ്പെട്ട ക്രൈം നമ്പർ 3701/2025-ലെ കുറ്റപത്രം അന്തിമമാക്കാനും പ്രോസിക്യൂഷൻ അനുമതിക്കായി അപേക്ഷിക്കാനും 2026 ഒക്ടോബർ 25 വരെയും കൂടാതെ, ദ്വാരപാലക വിഗ്രഹങ്ങളിലെ പ്ലേറ്റുകളിൽ നിന്നുള്ള സ്വർണ്ണ അപഹരണവുമായി ബന്ധപ്പെട്ട ക്രൈം നമ്പർ 3700/2025-ൽ കുറ്റപത്രം സമർപ്പിക്കുന്നതിനും പ്രോസിക്യൂഷൻ അനുമതിക്ക് അപേക്ഷിക്കുന്നതിനുമായി 2026 നവംബർ 25 വരെയും പ്രത്യക അന്വേഷണ സംഘത്തിന് കോടതി സമയം അനുവദിച്ചിട്ടുണ്ട്.

**(ബി)** ഏതൊക്കെ കാലയളവിൽ എത്ര പ്രാവശ്യമായിട്ടാണ് സ്വർണ്ണം നഷ്ടപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; നഷ്ടപ്പെട്ട സ്വർണ്ണം ദേവസ്വത്തിന് തിരികെ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ശബരിമലയിൽ ആകെയുള്ള സ്വർണ്ണം, വെള്ളി തുടങ്ങിയവയുടെ കൃത്യമായ കണക്ക് ദേവസ്വം ബോർഡിന്റെ കൈവശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശബരിമലയിൽ ഭക്തർ അർപ്പിക്കുന്ന കാണിക്കകൾ ഉൾപ്പെടെയുള്ള സ്വർണ്ണം, വെള്ളി വസ്തുക്കൾക്ക് ദേവസ്വം ബോർഡിൽ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിലവിലുണ്ട്. കൂടാതെ, ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് റിട്ട. ജസ്റ്റിസ് കെ. ടി. ശങ്കരന്റെ മേൽനോട്ടത്തിൽ തിരുവാഭരണങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ സ്വർണ്ണം, വെള്ളി ശേഖരത്തിന്റെയും ഭൗതിക പരിശോധനയും കണക്കെടുപ്പും നടന്നു വരുന്നുണ്ട്.

**(ഡി)** ഭക്തർ സമർപ്പിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**